ഉത്തരവ് റദ്ദാക്കിയത് പുനഃപരിശോധിക്കണം

തിരുവനന്തപുരം: 15 വർഷം സർവീസ് പൂർത്തിയാക്കുന്ന ആയുർവേദ, ഹോമിയോ വെറ്ററിനറി ഡോക്ടർമാർക്ക് പുതിയ സ്കെയിൽ അനുവദിച്ചുള്ള ഉത്തരവ് പ്രത്യേക കാരണങ്ങൾ കൂടാതെ റദ്ദാക്കിയത് നീതിനിഷേധമാണെന്നും ഈ നടപടി പുനഃപരിശോധിക്കണമെന്നും ആയുർവേദ ഡോക്ടർമാർ ആവശ്യപ്പെട്ടു. ഗവ. ആയുർവേദ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ഷർമദ് ഖാൻ യോഗം ഉദ്ഘാടനം ചെയ്തു. ഡോ. വി.ജെ. സെബി, ഡോ. ജി.എസ്. പ്രവീൺ, ഡോ. ശിവകുമാരി, ഡോ. ആർ. സോജ്, ഡോ. ഷിജി വത്സൻ തുടങ്ങിയവർ സംസാരിച്ചു.

www.keralakaumudi.com www.facebook.com/keralakaumudi

നെയ്യാറിലെത്തുന്നവരോട്, ബോട്ട് സവാരി പ്രതീക്ഷിക്കേണ്ട

■വനം വകുപ്പിന്റെ ബോട്ടുകൾ കട്ടപ്പുറത്തായിട്ട് മാസങ്ങളേറെ

◗എ.പി.സജുകുമാർ

കാട്ടാക്കട: ജില്ലയിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രമായ നെയ്യാർ ഡാമിലെത്തുന്ന സഞ്ചാരികളുടെ പ്രധാന ആകർഷണമായ വനം വകുപ്പിന്റെ സവാരി ബോട്ടുകൾ കട്ടപ്പുറത്തായിട്ടും യാതൊരു നടപടിയുമില്ല.

അടിക്കടി ബോട്ടുകൾ കേടാവുന്നതോടെ സഞ്ചാരികൾക്ക് ബോട്ടിംഗ് നടത്താനാവാതെ നിരാശരായി മടങ്ങേണ്ട അവസ്ഥയാണ്. സഞ്ചാരികൾ നെയ്യാർഡാമിൽ എത്തുന്നതുതന്നെ പ്രകൃതി സൗന്ദര്യവും റിസർവോയറിലൂടെയുള്ള ജലയാത്രയും ആസ്വദിക്കുന്നതിനായിട്ടാണ്. എന്നാൽ ഇപ്പോഴത്തെ അവസ്ഥ വനം വകുപ്പിന് വലിയ നഷ്ടമാകും സമ്മാനിക്കുക.

വനം വകുപ്പിന്റെ ബോട്ടുകൾ അടുത്തകാലത്താണ് അറ്റകുറ്റപ്പണി കഴിഞ്ഞെത്തിയത്. എന്നാൽ ബോട്ടുകൾ വീണ്ടും കട്ടപ്പുറത്തായതോടെ സഞ്ചാരികൾക്ക് ബോട്ട് യാത്രയെന്ന സ്വപ്നം നഷ്ടമായി.

ഈ ബോട്ടിന് കഴിഞ്ഞ വർഷം 4.5 ലക്ഷം മുടക്കി എൻജിൻ തകരാറും പ്ലാറ്റ്ഫോമും ശരിയാക്കിയിരുന്നു. ഇക്കുറിയും പഴയ പ്രശ്നങ്ങൾ തന്നെയാണ് അഗസ്ത്യ ബോട്ടിനെ കട്ടപ്പുറത്താക്കിയത്. ഇപ്പോൾ എട്ട് പേർക്ക് കയറാവുന്ന സമുദ്രയും, അഞ്ച് സീറ്റുള്ള ചിന്താർമണിയുമാണ് സർവീസ് നടത്തുന്നത്.

നെയ്യാർഡാമിൽ വനം വകുപ്പ് ബോട്ട് സർവീസ് നടത്തുന്ന സ്ഥലം

പരിഹാരം

- കൃത്യമായി അറ്റകുറ്റപ്പണി നടത്തണം
- സുരക്ഷാ വീഴ്ചകൾ പരിശോധിക്കണം
- ഇടവിട്ടുള്ള പരിശോധനകൾ നടത്തണം
- സഞ്ചാരികളെ ആകർഷിക്കാൻ നടപടി വേണം
- സീസൺ നോക്കി ബോട്ടു സർവീസുകൾ ക്രമീകരിക്കണം

വിനോദമില്ലാതായത് ഇങ്ങനെ...

- സഞ്ചാരികൾ ബോട്ട് സവാരിക്കായി ഡാമിലേക്ക്
- കട്ടപ്പുറത്തായ ബോട്ട് സവാരി
- ബോട്ടുകൾ കേടാകുന്നത് പതിവ്
- സഞ്ചാരികൾക്ക് ബോട്ടിംഗ് നടത്താനാകുന്നില്ല
- നിരാശരായി മടങ്ങുന്ന സഞ്ചാരികൾ
- ഓണസീസണിൽ വൻ നഷ്ടം

യാത്ര മുടക്കിയ പ്രശ്നം

- മൂന്ന് വലിയ ബോട്ടുകൾ ഉൾപ്പെടെ അഞ്ചു ബോട്ടുകളാണ് വനം വകുപ്പിനുള്ളത്
- ഇപ്പോൾ സവാരിക്കായി രണ്ട് ചെറിയ ബോട്ടുകൾ
- വലിയ ബോട്ടായ അഗസ്ത്യ കട്ടപ്പുറത്ത്
- ജലകന്യകയും കട്ടപ്പുറത്തായിട്ട് മാസങ്ങളായി

ആരും കാണാത്ത നഷ്ടം

പ്രതിദിനം അര ലക്ഷത്തിലേറെ വരുമാനം ലഭിച്ചിരുന്ന ബോട്ട് സവാരിയിൽ നിന്ന് ഇപ്പോൾ ലഭിക്കുന്നത് വെറും 10,000 രൂപയിൽ താഴെ മാത്രമാണ്. കഴിഞ്ഞ ഓണം സീസണിൽ പ്രതിദിനം രണ്ടു ലക്ഷം രൂപ വരെ കളക്ഷൻ നേടിയിരുന്നു. ഈ ഓണം വെള്ളത്തിൽ തന്നെ.

യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതും പണിയിലെ കുഴപ്പങ്ങളുമാണ് ബോട്ടുകൾ നീറ്റിലിറങ്ങാത്തതിന് കാരണമെന്നാണ് സഞ്ചാരികളുടെ ആരോപണം. ജലാശയത്തിൽ വനംവകുപ്പും ഡി.ടി.പി.സിയുമാണ് ബോട്ട് സർവീസ് നടത്തുന്നത്. മൂന്ന് മാസം മുമ്പത്തെ കടുത്ത വേനലിൽ ജലനിരപ്പ് താഴ്ന്നതോടെ ബോട്ട് സർവീസുകൾ നിറുത്തിയിരുന്നു. കാലവർഷത്തെ തുടർന്ന് അണക്കെട്ടിലേക്ക് നീരൊഴുക്ക് കൂടിയതോടെയാണ് ഇപ്പോൾ ബോട്ട് സവാരി പുനരാരംഭിക്കാനായത്. ഓണം സീസണിൽ ബോട്ടുകൾ എല്ലാം ഓടിയാൽ സഞ്ചാരികളുടെ വരവനുസരിച്ച് കൂടുതൽ കളക്ഷൻ ഉണ്ടാക്കാൻ കഴിയുമായിരുന്നു. പക്ഷേ ബോട്ടുകൾ കട്ടപ്പുറത്തായത് വനം വകുപ്പിന് കനത്ത തിരിച്ചടിയാകുമെന്ന് തീർച്ച.

KAUMUDI ALERT

ഏകദിന പഠന ശിബിരം

നെയ്യാറ്റിൻകര: രാമായണ മാസാചരണത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര താലൂക്ക് എൻ.എസ്.എസ് കരയോഗ യൂണിയൻ ആദ്ധ്യാത്മിക പഠന കേന്ദ്രങ്ങൾക്ക് വേണ്ടി ഏകദിന പഠനശിബിരം 'രാമായണത്തിന്റെ പൊരുൾ' സംഘടിപ്പിച്ചു.

താലൂക്ക് യൂണിയൻ പ്രസിഡന്റ് കോട്ടുകാൽ കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. യൂണിയൻ വൈസ് പ്രസിഡന്റ് പി.എസ്. നാരായണൻ നായർ അദ്ധ്യക്ഷത വഹിച്ചു. ഭരണസമിതിയംഗങ്ങളായ കെ. രാജശേഖരൻനായർ, പ്രവീൺകുമാർ, കെ. മധുകുമാർ, പ്രേംജിത്ത്, സുഭിലാൽ, മുരളീധരൻ നായർ, പ്രതിനിധി സഭാംഗം ജി. സോമശേഖരൻ നായർ, എൻ. എസ്.എസ് ഇൻസ്പെക്ടർ എസ്. മഹേഷ് കുമാർ എന്നിവർ പങ്കെടുത്തു. ആദ്ധ്യാത്മിക പഠനകേന്ദ്രം കോ-ഓർഡിനേറ്റർ രമേശ്കുമാർ സ്വാഗതവും യൂണിയൻ സെക്രട്ടറി കെ. രാമചന്ദ്രൻ നായർ നന്ദിയും പറഞ്ഞു.

റേഷൻ വ്യാപാരികളുടെ ഉപവാസം

തിരുവനന്തപുരം: വേതന പാക്കേജ് നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് ജില്ലയിലെ റേഷൻ വ്യാപാരികൾ നാളെ രാവിലെ 11ന് സെക്രട്ടേറിയറ്റ് പടിക്കൽ ഉപവസിക്കുന്നു. കോൺഗ്രസ് നേതാവ് സി. മോഹനൻ പിള്ള ഉദ്ഘാടനം ചെയ്യും.

മുരളി അനുസ്മരണം

തിരുവനന്തപുരം: കേളത്തിലെ എ.എം. എഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഭരത് മുരളി അനുസ്മരണവും സിനിമാ പ്രദർശനവും ഇന്ന് വൈകിട്ട് 6.15ന് ആശാൻ മെമ്മോറിയൽ അസോസിയേഷൻ ഹാളിൽ നടക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

പൂർവ വിദ്യാർത്ഥി സംഗമം

തിരുവനന്തപുരം: വർക്കല ചെറുന്നിയൂർ ഗവ. ഹൈസ്കൂളിലെ 1984 ബാച്ച് പൂർവ വിദ്യാർത്ഥികളുടെയും മുൻ അദ്ധ്യാപകരുടെയും സംഗമം 15ന് രാവിലെ പത്തിന് സ്കൂളിൽ നടക്കും. ഫോൺ: 9846916872, 9745597779.

ഇക്കണോമിക്സ് അസോസിയേഷൻ സമ്മേളനം

തിരുവനന്തപുരം: കേരള ഇക്കണോമിക്സ് അസോസിയേഷൻ വാർഷിക സമ്മേളനം ഇന്നും നാളെയുമായി ഐ.എം.ജിയിൽ നടക്കും. കേന്ദ്രമന്ത്രി നരേന്ദ്ര സിംഗ് തോമർ ഉദ്ഘാടനം ചെയ്യും. മന്ത്രി കെ.ടി. ജലീൽ അദ്ധ്യക്ഷത വഹിക്കും. മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തും. എം.എ. ഉമ്മൻ, ഇ.എം. തോമസ്, ടി.കെ. ജോസ്, ബി.കെ. പ്രകാശ് എന്നിവർ പങ്കെടുക്കും.

ബിഫാം സീറ്റൊഴിവ്

വെള്ളനാട്: വെള്ളനാട് പുനലാൽ ഡെയിൽ വ്യൂ ഫാർമസി കോളേജ് ഫാർമസി ആൻഡ് റിസർച്ച് സെന്ററിൽ ബിഫാമിന് ഏതാനും സീറ്റൊഴിവുണ്ട്. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി നാളെ രാവിലെ 10ന് കോളേജിൽ എത്തണമെന്ന് ഡയറക്ടർ സി. ക്രിസ്തുദാസ് അറിയിച്ചു. ഫോൺ: 9446173063.

ഇന്ത്യൻ ഓവർസീസ് ബാങ്ക് റീട്ടെയിൽ ഉത്സവ്

തിരുവനന്തപുരം: ഇന്ത്യൻ ഓവർസീസ് ബാങ്ക് തിരുവനന്തപുരം റീജിയണൽ റീട്ടെയിൽ ഉത്സവ് തിരുവനന്തപുരത്തും ആലപ്പുഴയിലും ആഘോഷിച്ചു. ഇതിനോടനുബന്ധിച്ച് 'ശുഭ ഗ്രഹ്' എന്ന പേരിൽ ഹൗസിംഗ് ലോണും പുഷ്പക എന്ന പേരിൽ വാഹനലോണും ആകർഷകമായ പലിശ നിരക്കിൽ നൽകും. കൂടാതെ ചെറുകിട ലോണുകളും നൽകും. ചെറുകിട വായ്പകൾക്കായി തിരുവനന്തപുരം മെയിൻ ശാഖയോടനുബന്ധിച്ച് റീട്ടെയിൽ മാർട്ടിന്റെ ഉദ്ഘാടനം ബാങ്കിന്റെ ചീഫ് റീജിയണൽ മാനേജർ കെ. സന്തോഷ് നിർവഹിച്ചു. അസിസ്റ്റന്റ് ജനറൽ മാനേജർ മാരായ ആർ. അശോകൻ, സുബ റാവു എന്നിവർ പങ്കെടുത്തു.

ശിവകുമാർ വെള്ളായണി ക്ഷേത്രം മൂത്തവാത്തി

തിരുവനന്തപുരം: മേജർ വെള്ളായണി ദേവീക്ഷേത്രത്തിലെ മൂത്തവാത്തിയായി (മേൽശാന്തി) വെള്ളായണി വെണ്ണില തട്ടാംവിളാകം എസ്. ശിവകുമാർ ചുമതലയേറ്റു. കഴിഞ്ഞ 15 വർഷമായി വെള്ളായണി ക്ഷേത്രത്തിൽ ഇളയവാത്തിയായിരുന്നു. മുൻ മേൽശാന്തിയായിരുന്ന സുബ്രഹ്മണ്യനാശാരിയുടെ മകനാണ് ശിവകുമാർ. മഞ്ചിലാ വിശ്വകർമ്മയാണ് ഭാര്യ. പുണ്യവിശ്വകർമ്മ, അനുഗ്രഹ് വിശ്വകർമ്മ എന്നിവർ മക്കളാണ്.

പുന്നമൂട് ശാഖ

തിരുവനന്തപുരം: ശ്രീനാരായണ ഗുരുദേവ ജയന്തി ആഘോഷത്തോടനുബന്ധിച്ച് എസ്.എൻ.ഡി.പി യോഗം പുന്നമൂട് ശാഖയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ അഞ്ചിന് ഗുരുദേവൻ, ഗുരുദേവചരിത്രം, ഗുരുദേവ കൃതികൾ, ഗുരുദേവ പ്രസ്ഥാനങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. 15 വയസിന് താഴെ ജൂനിയർ വിഭാഗവും 16നും 30നും ഇടയ്ക്ക് സീനിയർ വിഭാഗവുമായാണ് മത്സരം. ഒരു ടീമിൽ രണ്ടുപേർക്ക് പങ്കെടുക്കാം.

എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. സീനിയർ വിഭാഗത്തിൽ ഒന്നാംസ്ഥാനത്തിന് 10,001 രൂപയും കോവളം നാഗപ്പൻ മെമ്മോറിയൽ ട്രോഫിയും രണ്ടാം സ്ഥാനത്തിന് 5001 രൂപയും ചെല്ലപ്പൻ മുതലാളി മെമ്മോറിയൽ ട്രോഫിയും മൂന്നാം സ്ഥാനത്തിന് 3001 രൂപയും പി. രാമചന്ദ്രപണിക്കർ മെമ്മോറിയൽ ട്രോഫിയും നൽകും. ജൂനിയർ വിഭാഗത്തിൽ ഒന്നാംസ്ഥാനം 3001 രൂപയും അവലിയ ബ്യൂട്ടിപാർലർ ട്രോഫിയും രണ്ടാംസ്ഥാനത്തിന് 2001 രൂപയും അനഘ എൻജിനിയറിംഗ് വർക്ക് ട്രോഫിയും മൂന്നാംസ്ഥാനത്തിന് 1001 രൂപയും ട്രോഫിയും നൽകും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 30ന് മുൻപ് രജിസ്റ്റർ ചെയ്യണം. സീനിയർ വിഭാഗത്തിന് 100 രൂപയും ജൂനിയർ വിഭാഗത്തിന് 50 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. കൂടുതൽ വിവരങ്ങൾക്ക് ശാഖാപ്രസിഡന്റ് (ഫോൺ: 9496205964), ശാഖാസെക്രട്ടറി (ഫോൺ: 9567622882) എന്നിവരെ ബന്ധപ്പെടുക.

അദ്ധ്യാപക ഒഴിവ്

തിരുവനന്തപുരം: കഴുച്ചക്കോണം ഗവ.ഹൈസ്കൂളിൽ പി.ഡിടീച്ചറിന്റെ രണ്ട് ഒഴിവുണ്ട്. താത്പര്യമുള്ളവർ 16ന് രാവിലെ 10ന് സർട്ടിഫിക്കറ്റുകളുമായി അഭിമുഖത്തിന് ഹാജരാവണം.

മരം ഒടിഞ്ഞുവീണു; തെങ്കാശി പാതയിൽ ഗതാഗതം മുടങ്ങി

■ പിക്കപ്പ് ലോറിയും ബൈക്കും തകർന്നു
■ മരക്കൊമ്പ് വീണ് ഫയർഫോഴ്സ് ജീവനക്കാരന് പരിക്ക്

നെടുമങ്ങാട്: തെങ്കാശി സംസ്ഥാന പാതയിൽ കൂറ്റൻ മരം റോഡിലേക്ക് ഒടിഞ്ഞുവീണ് രണ്ട് പിക്കപ്പ് ലോറികൾ തകർന്നു. ഡ്രൈവർമാർക്ക് പരിക്കില്ല. മരം നീക്കം ചെയ്യാനെത്തിയ ഫയർഫോഴ്സ് ജീവനക്കാരന്റെ ദേഹത്ത് മുറിച്ചിട്ട മരക്കൊമ്പ് വീണ് തലയ്ക്കും കൈയ്ക്കും പരിക്കേറ്റു. അപകടത്തെ തുടർന്ന് ആറുമണിക്കൂറോളം ഗതാഗതം തടസപ്പെട്ടു.

ഇന്നലെ രാവിലെ 11 ഓടെയാണ് സംഭവം. കരകുളം പഞ്ചായത്ത് ഓഫീസിനും ഏണിക്കരയ്ക്കുമിടയിൽ റോഡിലേക്ക് ചാഞ്ഞുനിന്ന കൂറ്റൻ ആൽമരമാണ് ഒടിഞ്ഞുവീണത്. രണ്ട് വൈദ്യുതി പോസ്റ്റുകൾ പൂർണമായി തകർന്നു. കെ.എസ്.ഇ.ബി അധികൃതരെത്തി വൈദ്യുതി ബന്ധം വിച്ഛേദിച്ചു. സമീപത്തെ ഹോട്ടലടക്കമുള്ള രണ്ട് കടകൾക്കും രണ്ട് പെട്ടിക്കടയ്ക്കും കേടുപാടുണ്ട്. റോഡരികിൽ പാർക്ക് ചെയ്തിരുന്ന ബൈക്കും തകർന്നു. കൊമ്പുകൾ മുറിച്ചുമാറ്റുന്നതിനിടെയാണ് ചെങ്കൽച്ചൂള ഫയർ സ്റ്റേഷനിലെ ഫയർമാൻ ഡ്രൈവർ ജയേഷ് ചന്ദ്രന് പരിക്കേറ്റത്. ഇയാളുടെ കൈയ്ക്ക് പൊട്ടലുണ്ട്. നെടുമങ്ങാട്, ചെങ്കൽച്ചൂള എന്നിവിടങ്ങളിൽനിന്നും ഫയർഫോഴ്സ് യൂണിറ്റുകൾ വൈകിട്ട് അഞ്ചര മണിവരെ പരിശ്രമിച്ചാണ് ഗതാഗതം പുനഃസ്ഥാപിച്ചത്. അപകടകരമായി നിന്ന ഈ മരം മുറിച്ചുമാറ്റണമെന്ന് നാട്ടുകാർ പലതവണ ആവശ്യപ്പെട്ടിരുന്നു. കുറച്ചുനാൾ മുമ്പ് ഇതേ മരത്തിന്റെ കൊമ്പ് റോഡിലേക്ക് ഒടിഞ്ഞുവീണിരുന്നു.

സ്ഥലം സന്ദർശിച്ച സി. ദിവാകരൻ എം.എൽ.എ വില്ലേജ് ഓഫീസർ ജലീലിൽ നിന്ന് നാശനഷ്ടത്തിന്റെ കണക്കാവശ്യപ്പെട്ടു. ഇതനുസരിച്ച് സർക്കാരിൽ നിന്ന് വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് ആദ്ദേഹം അറിയിച്ചു. അപകടാവസ്ഥയിലുള്ള മരം മുറിച്ചുമാറ്റാൻ തഹസിൽദാർ നിർദ്ദേശം നൽകി.

കരകുളം ഏണിക്കരയിൽ പിക്കപ്പ് ലോറികളുടെ പുറത്ത് മരം ഒടിഞ്ഞ് വീണപ്പോൾ

കേരളകൗമുദി - മാരായമുട്ടം സഹകരണ ബാങ്ക്

ആയുർവേദ സെമിനാറും സൗജന്യ മെഡിക്കൽ ക്യാമ്പും ഇന്ന്

നെയ്യാറ്റിൻകര: കേരളകൗമുദിയും മാരായമുട്ടം സർവീസ് സഹകരണ ബാങ്കും സംയുക്തമായി സംഘടിപ്പിക്കുന്ന ആയുർവേദ സെമിനാറും സൗജന്യ മെഡിക്കൽ ക്യാമ്പും ഇന്ന് രാവിലെ 9.30ന് മാരായമുട്ടം സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടക്കും. സി.കെ. ഹരീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും.

ഭാരതീയ ചികിത്സാ വകുപ്പ്, സുശ്രുത ചാരിറ്റബിൾ മെഡിക്കൽ ട്രസ്റ്റ് എന്നിവയുടെ നേതൃത്വത്തിലാണ് ക്യാമ്പ് നടക്കുന്നത്. നെയ്യാറ്റിൻകര ചീഫ് മെഡിക്കൽ ഓഫീസർ ഡോ. മിനി ബി. എസ്. ക്ലാസ് നയിക്കും. മാരായമുട്ടം സഹകരണ ബാങ്ക് പ്രസിഡന്റ് എം. എസ്. അനിൽ അദ്ധ്യക്ഷനായിരിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഐ. ആർ. സുനിത, വൈസ് പ്രസിഡന്റ് തുഷലവൂർ പ്രസാദ്, മാരായമുട്ടം എസ്.ഐ മുദ്തൽ കുമാർ, ഭാരതീയ ചികിത്സാ വകുപ്പ് ഡി.എം.ഒ ഡോ. കെ.എസ്. സുരേഷ്, സുശ്രുത ആശുപത്രി എം.ഡി ഡോ. ശ്രീജകൃഷ്ണ എസ്. എന്നിവർ പങ്കെടുക്കും. കേരളകൗമുദി സർക്കുലേഷൻ മാനേജർ എസ്. വിക്രമൻ സ്വാഗതവും ബാങ്ക് ഡയറക്ടർ ബോർഡംഗം വടകര വാസുദേവൻ നായർ നന്ദിയും പറയും.

പിക്കപ്പ് വാൻ മറിഞ്ഞ് നാല് പേർക്ക് പരിക്ക്

പോത്തൻകോട്: നിയന്ത്രണം തെറ്റിയ പിക്കപ്പ് വാൻ വൈദ്യുതി പോസ്റ്റിലിടിച്ച് മറിഞ്ഞ് നാല് പേർക്ക് പരിക്കേറ്റു. കാര്യവട്ടത്തിന് സമീപം പാങ്ങപ്പാറയിൽ ഇന്നലെ രാവിലെയായിരുന്നു അപകടം. വാഹനത്തിൽ ഉണ്ടായിരുന്ന തൃപ്പണിത്തുറ സ്വദേശികളായ രാജേഷ് (32), ജിതിൻ (22), വിഷ്ണു (20), അൻസർ (26) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പെയിന്റിംഗ് സാധനങ്ങളുമായി എത്തിയ തൊഴിലാളികളായിരുന്നു അപകടത്തിൽപ്പെട്ടത്. ആരുടെയും പരിക്ക് ഗുരുതരമല്ലെന്ന് ആശുപത്രി വൃത്തങ്ങൾ അറിയിച്ചു.

മെഡിക്കൽ കോളേജിൽ ഓക്സിജൻ നിലയ്ക്കാതിരിക്കാൻ നടപടി

തിരുവനന്തപുരം: ഓക്സിജൻ നിലയ്ക്കാതിരിക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തി. ഗോരഖ്പൂരിലെ ഗവ. ബാബ രാഘവദാസ് മെമ്മോറിയൽ ആശുപത്രിയിൽ ഓക്സിജൻ നിലച്ച് കുട്ടികൾ മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലാണിത്.

ഓക്സിജൻ സിലിണ്ടറിന പുറമെ പൈപ്പ്ലൈൻ വഴി വാർഡുകളിൽ നേരിട്ട് ഓക്സിജൻ നൽകുന്ന സംവിധാനവും ഇവിടെയുണ്ട്. ബെല്ലാരിയിൽ നിന്നാണ് ലിക്വിഡ് ഓക്സിജൻ കൊണ്ടുവരുന്നത്. എസ്.എ.ടി ആശുപത്രിക്കടുത്തുള്ള അമ്മയും കുഞ്ഞിന്റെയും പ്രതിമയുടെ വലത് ഭാഗത്തുള്ള രണ്ട് ടാങ്കുകളിലാണ് പൈപ്പ് ലൈൻ വഴി നൽകാനുള്ള ലിക്വിഡ് ഓക്സിജൻ സംഭരിച്ചിരിക്കുന്നത്.

ഇതിന്റെ അളവ് തീരുമ്പോൾ ആട്ടോമാറ്റിക്കായി സന്ദേശം ബെല്ലാരിയിലെ കമ്പനിക്കു ലഭിക്കും. അവിടന്ന് ഉടൻ ടാങ്കർ ലോറികളിൽ കൊണ്ടുവന്ന്നിറയ്ക്കും.ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കാതിരിക്കാൻ അധികൃതർ മുന്നറിയിപ്പുനൽകി. ഓക്സിജൻ സിലിണ്ടറിന്റെ നിലവിലുള്ള കരാർ റദ്ദാക്കി പുതിയ ഏജൻസിക്ക് കരാർ നൽകി. പഴയ ഏജൻസിക്ക് കൂടിശികയായി ഇരുപതിനായിരത്തോളം രൂപ നൽകാനുണ്ട്. അവരുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് കണ്ടാണ് കരാർ അവസാനിപ്പിച്ച് പുതിയ കരാർ നൽകിയത്.

സിലിണ്ടർ തീർന്നാൽ ഏജൻസി ഓക്സിജൻ തന്നില്ലെങ്കിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ ഓക്സിജൻ പിടിച്ചെടുത്തുകൊണ്ടുവരാൻ നിയമവ്യവസ്ഥയുണ്ടെന്ന് ആശുപത്രി വൃത്തങ്ങൾ പറഞ്ഞു. പനി വ്യാപകമായതോടെ മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം പെരുകുകയാണ്. ഇതിൽ അധികം പേർക്കും ഓക്സിജൻ നൽകേണ്ട അവസ്ഥയാണ്.

ഭിന്നശേഷിക്കാർക്കും കടൽ കാണാം

തിരുവനന്തപുരം: വീൽചെയറിൽ ജീവിതം തളച്ചിടപ്പെട്ട ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കടൽ കാണാനും കടൽത്തീരത്ത് മതിവരുവോളം കളിക്കാനും അവസരം ഒരുങ്ങുന്നു. 'കടൽസ്പർശം അംഗപരിമിതർക്കും' എന്ന പേരിൽ ഓഷ്യൻ ലൗവും ഉദയസമുദ്ര ഗ്രൂപ്പും സംയുക്തമായി നാളെ ശംഖുമുഖം ബീച്ചിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

അംഗപരിമിതരായ കുട്ടികൾക്ക് കടലിനെ സ്പർശിക്കാനും കടൽത്തീരത്ത് വിനോദത്തിനായും അവസരമൊരുക്കുകയാണ് ലക്ഷ്യം. നഗരത്തിലെ അംഗപരിമിതരുടെ പുനരധിവാസ കേന്ദ്രത്തിലെ 50 കുട്ടികൾക്കാണ് അവസരം ലഭിക്കുക. ഇവർക്ക് കടലിൽ ഇറങ്ങാനായി പ്രത്യേക റാമ്പ് നിർമ്മിക്കും.

അതുവഴി കടൽത്തീരത്ത് ഇവർക്ക് കളികളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. എല്ലാ കുട്ടികളെയും മാനസിക - കായിക പരിപാടികളുടെ ഭാഗമാക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

കഴക്കൂട്ടം റെയിൽവേ സ്റ്റേഷൻ: യാത്രക്കാർക്ക് സുരക്ഷ ഒരുക്കും

കഴക്കൂട്ടം: കഴക്കൂട്ടം റെയിൽവേ സ്റ്റേഷനിലെ യാത്രക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകുമെന്നും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ പ്രകാശ് ബുട്ടാനി ഉറപ്പ് നൽകി.

കഴക്കൂട്ടത്ത് നിറുത്തുന്ന ട്രെയിനുകളുടെ സ്റ്റോപ്പേജ് സമയത്തിലെ കുറവുകാരണം തിക്കിലും തിരക്കിലും യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി കഴക്കൂട്ടം റെയിൽവേ വികസന ആക്ഷൻ കൗൺസിൽ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ ഡി.ആർ.എമ്മുമായി നടത്തിയ ചർച്ചയിലാണ് ഉറപ്പ് ലഭിച്ചത്. ആലപ്പുഴ വഴിയുള്ള ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യത്തിൽ വ്യക്തമായ ഉറപ്പ് ലഭിച്ചിട്ടും തീരുമാനം വൈകുന്നതിൽ പ്രതിഷേധമറിയിച്ചു. പുതുതായി ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ചും സ്റ്റേഷനിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ മുൻഗണന നൽകുമെന്നും ഡി.ആർ.എം പറഞ്ഞു.

ആക്ഷൻകൗൺസിൽ ഭാരവാഹികളായ ജോൺ വിനേഷ്യസ്, എൻ.ആർ. നായർ, നോയൽ പാടിക്, ഗോവിന്ദപിള്ള, സ്റ്റീഫൻ ഫെർണാണ്ടസ്, രഘുനാഥൻ നായർ, വി. ഗോപി, പി.കെ. നാരായണൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

കുട്ടികൾക്ക് ഇനി ഹൈടെക് ലാബുകൾ

തിരുവനന്തപുരം: പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ സർക്കാർ ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നു. സർക്കാർ, എയ്ഡഡ് മേഖലയിലെ 188 സ്കൂളുകളിൽ തുടങ്ങുന്ന ലാബുകളുടെ പൈലറ്റ് വിന്യാസം നാളെ മന്ത്രി സി. രവീന്ദ്രനാഥ് ജഗതി ബുധിരമൂക വിദ്യാലയ കാമ്പസിലുള്ള ഐ.ടി @ സ്കൂളിന്റെ ജില്ലാ റിസോഴ്സ് സെന്ററിൽ ഉച്ചയ്ക്ക് 2.30 ന് നിർവഹിക്കും.

മെഴ്സിഡസ് ബെൻസ് കാർ റാലി 15 ന്

തിരുവനന്തപുരം: ക്ലബ് എം.ബി ഇന്ത്യയുടെ ആഭിമുഖ്യത്തിൽ മെഴ്സിഡസ് ബെൻസ് കാറുകളുടെ റാലി 15 ന് നടക്കും. ഉച്ചയ്ക്ക് 2.30 ന് കവടിയാർ കൊട്ടാരത്തിൽ നിന്ന് ആരംഭിക്കുന്ന റാലി അശ്വതി തിരുനാൾ ഗൗരിലക്ഷ്മിബായി ഫ്ലാഗ് ഓഫ് ചെയ്യും.

ടെക്നോപാർക്കിൽ അവസാനിക്കുന്ന അമ്പതോളം മെഴ്സിഡസ് ബെൻസ് കാറുകൾ പങ്കെടുക്കുന്ന റാലി രാജകുടുംബാംഗം മാർത്താണ്ഡവർമ്മ നയിക്കുമെന്ന് ക്ലബ് പ്രസിഡന്റ് ആർ. പ്രകാശ് നായർ അറിയിച്ചു.